## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

<table>
<tr><td colspan="2">നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ. 4784</td><td colspan="2">14.11.2019-ൽ<br>മറുപടിക്ക്</td></tr>
<tr><td colspan="4">ആധാരമെഴുത്ത് സംഘടനയിൽ അംഗമല്ലാത്തവർക്ക് ക്ഷേമനിധി</td></tr>
<tr><td colspan="2">ചോദ്യം</td><td colspan="2">ഉത്തരം</td></tr>
<tr><td colspan="2">ശ്രീ.എം.ഉമ്മർ</td><td colspan="2">ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)</td></tr>
<tr><td>എ)</td><td>രജിസ്ട്രേഷൻ വകുപ്പിൽ ആധാരമെഴുത്ത്/കൈപ്പട ലൈസൻസ് ഉള്ളവർക്ക് ക്ഷേമനിധി ബോർഡിൽ അംഗമാകുന്നതിന് ആധാരമെഴുത്ത് സംഘടനയിൽ അംഗമാകണം എന്ന് നിബന്ധനയുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;</td><td>എ)</td><td>നിബന്ധനയില്ല.</td></tr>
<tr><td>ബി)</td><td>ആധാരമെഴുത്ത് സംഘടനയിൽ അംഗമല്ലാത്തവർക്ക് ക്ഷേമനിധി ബോർഡിൽ അംഗമാകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്, വിശദമാക്കുമോ;</td><td rowspan="2">ബി)<br>&<br>സി)</td><td rowspan="2">ക്ഷേമനിധി ബോർഡിൽ അംഗമാകുന്നതിന് ആധാരമെഴുത്ത്, പകർപ്പെഴുത്ത്, സ്റ്റാമ്പ് വെണ്ടർമാരുടെ സംഘടനയിൽ അംഗമാകണം എന്ന വ്യവസ്ഥയില്ല.<br><br>1960-ലെ കേരളത്തിലെ ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങൾ പ്രകാരമുള്ള ഒരു ആധാരമെഴുത്തുകാരന്റെയോ അല്ലെങ്കിൽ ഒരു പകർപ്പെഴുത്തുകാരന്റെയോ സാധുവായ ലൈസൻസോ അല്ലെങ്കിൽ 1960-ലെ കേരള സ്റ്റാമ്പ് നിർമ്മാണവും വിൽപ്പനയും ചട്ടങ്ങൾ പ്രകാരമുള്ള ഒരു സ്റ്റാമ്പ് വെണ്ടറുടെ സാധുവായ ലൈസൻസോ, അതതു സംഗതിപോലെ കൈവശമുള്ളതും അപേക്ഷാ തീയതിയിൽ 65 വയസ്സിനു താഴെ പ്രായമുള്ളതുമായ</td></tr>
<tr><td>സി)</td><td>ആധാരമെഴുത്ത് സംഘടനയിൽ അംഗമല്ലാത്തവർക്ക് കൂടി ക്ഷേമനിധി ബോർഡിൽ അംഗത്വം ലഭിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന കാര്യം പരിഗണിക്കുമോ?</td></tr>
</table>

| | | | |
|---|---|---|---|
| | | | ഏതൊരാൾക്കും നിധിയിൽ അംഗമായി പ്രവേശിക്കുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും രീതിയിലും ബോർഡിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്.<br><br>എന്നാൽ കേന്ദ്ര സർക്കാർ സർവ്വീസിൽ നിന്നോ ഏതെങ്കിലും സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നോ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ നിന്നോ തദ്ദേശാധികാര സ്ഥാപനത്തിൽ നിന്നോ വിരമിക്കൽ ആനുകൂല്യങ്ങളോടെ വിരമിച്ച ശേഷം ഒരു ആധാരം എഴുത്തുകാരനായോ പകർപ്പെഴുത്തുകാരനായോ സ്റ്റാമ്പ് വെണ്ടറായോ ജോലി നോക്കുന്ന യാതൊരാൾക്കും നിധിയിൽ അംഗത്വമെടുക്കുന്നതിന് അർഹതയുണ്ടായിരിക്കുകയില്ല. |

**സെക്ഷൻ ഓഫീസർ**